



# മലയാളംപത്രം

NEW YORK EDITION




ഹസാരെയ്ക്കെതിരെ സർക്കാർ

36–ാം പേജ് കാണുക


CHACKO PUBLICATIONS INC.,
587 MAIN STREET, SUITE # 107,
NEW ROCHELLE, NY 10801
Phone: (914) 576-9500
Fax: (914) 576-9100
E-mail: pathram@aol.com,
mpathram@gmail.com
www.malayalampathram.com



VOLUME 22
# 24
JUNE 20, 2012


# വി. എസിനെതിരെ നടപടിയില്ല



ന്യൂഡൽഹി: സി പി എം സംസ്ഥാന ഘടകത്തെ പ്രതിക്കൂട്ടിലാക്കി തുടരെ പരസ്യ പ്രസ്താവനകൾ നടത്തുന്ന വി എസ് അച്യുതാനന്ദൻ ഒടുവിൽ, സി പി എം കേന്ദ്രനേതൃത്വത്തെയും മുട്ടുകുത്തിച്ചു. അച്യുതാനന്ദനെതിരെ അച്ചടക്ക നടപടി വേണമെന്ന സി പി എം സംസ്ഥാന നേതൃത്വത്തിന്റെ ആവശ്യം പാർട്ടി കേന്ദ്ര കമ്മിറ്റി യോഗം നിരസിച്ചു.

വിഎസിനെതിരെ അച്ചടക്കനടപടിക്ക് ശ്രമിക്കാതെ കേന്ദ്രകമ്മിറ്റി പിരിഞ്ഞു. കേരള സി പി എമ്മിലെ പ്രതിസന്ധി സംബന്ധിച്ച് കേരളത്തിൽ വിശദ ചർച്ചക്ക് തീരുമാനിച്ചതിനാൽ വി എസിന്റെ പരാമർശങ്ങളുമായി ബന്ധപ്പെട്ട് കേന്ദ്രകമ്മിറ്റിയിൽ ചർച്ചനടന്നില്ല.

വി.എസിനെതിരെ കടുത്ത നടപടി ലക്ഷ്യം വെച്ച് കേന്ദ്ര നേതൃത്വത്തെ സമീപിച്ച സി.പി.എം സംസ്ഥാന നേതൃത്വത്തിന്റെ ശ്രമങ്ങൾ വീണ്ടും പാളിയിരിക്കുകയാണ്.

പി.ബിയും കേന്ദ്ര കമ്മിറ്റിയും അനുതാപം തോന്നി വി.എസ്. അച്യുതാനന്ദനെ സംരക്ഷിക്കുകയായിരുന്നില്ല, മറിച്ച് വി.എസിന്റെ കത്തിലെ സംഘടനാ വിഷയങ്ങളും പാർട്ടിയെ അപകടത്തിലാക്കിയ പ്രശ്നങ്ങളും ഗൗരവത്തിലെടുത്ത് സംസ്ഥാന ഘടകത്തിൽ തന്നെ ചർച്ച ചെയ്യാനാണ് നിർദേശിച്ചിരിക്കുന്നത്. സി.സിയിൽ നിന്നും പ്രതിപക്ഷ നേതൃസ്ഥാനത്ത് നിന്നും വി.എസിനെ ഒഴിവാക്കുന്നത് ലക്ഷ്യം വെച്ച് ഡൽഹിക്ക് പോയ സംസ്ഥാന നേതൃത്വത്തിന്റെ നീക്കങ്ങളെല്ലാം പാളിയിരിക്കുകയാണ്.

കേരളത്തിലെ പാർട്ടിയിലെ സ്ഥിതിഗതികൾ വിശദീകരിച്ച് വി എസ് എഴു

9 –ാം പേജിൽ തുടരുന്നു



# ആരും ആദരിക്കുന്ന കിരീടത്തിന് അറുപത്

ലണ്ടൻ: ഇനിയൊരു അറുപത് അടുത്തെങ്ങും വരില്ലെന്ന് ബ്രിട്ടീഷുകാർക്കറിയാം. ഒരുകാലത്ത് സൂര്യനസ്തമിക്കാത്ത രാജ്യത്തിലെ സൂര്യതേജസ് കിരീടധാരണത്തിന്റെ അറുപതാം വാർഷികം ആഘോഷിക്കുന്നത് കാണാൻ കഴിഞ്ഞത് ഈ തലമുറക്ക് കിട്ടിയ സൗഭാഗ്യമാണ്. രാഷ്ട്രമീമാംസകൾ തിരുത്തിയെഴുതുമ്പോഴും ബ്രിട്ടീഷ് ഭരണത്തിന്റെ അവസാന വാക്ക് ഒരു കിരീടത്തിൽ കുടികൊള്ളുന്നതിനു കാരണം ലോക ജനാധിപത്യത്തിനും ജന സ്വാതന്ത്ര്യത്തിനും തുടക്കക്കാരായത് രാജവംശം ആണെന്നതു കൊണ്ടു തന്നെ. മാറുന്ന ലോകത്തിന്റെ ഗതിവിഗതികൾക്കനുസരിച്ച് രാജത്വത്തിന്റെ നിർവചനങ്ങൾ പൊളിച്ചെഴുതാൻ തയാറായ ഒരു രാജവംശം ബ്രിട്ടണിലേതുപോലെ മറ്റെങ്ങുമില്ല.

ഗ്രേറ്റ് ബ്രിട്ടൺ ഗ്രേറ്റ് ആയി നിലനിൽക്കുന്നതിനു പിന്നിൽ രാജവംശത്തോട് ജനങ്ങൾ പുലർത്തുന്ന ആദരവ് തന്നെയാണ് മുഖ്യകാരണമെന്നാണ് എലിസബത്ത് രാജ്ഞിയുടെ അറുപതാം കിരീടധാരണ വാർഷികാഘോഷവേളയിൽ ലണ്ടനിലുണ്ടായിരുന്ന ഫൊക്കാനയുടെയും കേരള ഹിന്ദൂസ് ഓഫ് നോർത്ത് അമേരിക്കയുടെയും മുൻ പ്രസിഡന്റായിരുന്ന കെ.ജി മന്മഥൻ നായർ പറയുന്നത്. സ്വകാര്യ, ബിസിനസ് ആവശ്യത്തിനാണ് ലണ്ടനിൽ പോയതെങ്കിലും ഈ സമയത്ത് അവിടുണ്ടാകാൻ കഴിഞ്ഞത് ജീവിതത്തിൽ ലഭിച്ച അപൂ

9 –ാം പേജിൽ തുടരുന്നു



കാരൂർ സോമൻ



കെ.ജി മന്മഥൻ നായർ

# രാഷ്ട്രപതി തിരഞ്ഞെടുപ്പ് ജൂലൈ 19 ന്

ന്യൂഡൽഹി: രാജ്യത്തെ പുതിയ രാഷ്ട്രപതിയെ കണ്ടെത്താനുള്ള തിരഞ്ഞെടുപ്പ് ജൂലൈ19ന് നടക്കും. വോട്ടെണ്ണൽ ജൂലൈ 22നാണെന്ന് തിരഞ്ഞെടുപ്പു കമ്മീഷൻ അറിയിച്ചു. തിരഞ്ഞെടുപ്പ് വിജ്ഞാപനം ജൂൺ 16ന് ശനിയാഴ്ച പുറപ്പെടുവിക്കും. നാമനിർദ്ദേശ പത്രിക സമർപ്പിക്കാനുള്ള അവസാനതീയതി ജൂൺ 30 ആണ്.

വിജ്ഞാപനം വരുന്ന ദിവസം മുതൽ പത്രിക സമർപ്പിക്കാം. പത്രികകളുടെ സൂക്ഷ്മ പരിശോധന ജൂലൈ രണ്ടിന് നടക്കും. പത്രിക പിൻവലിക്കാനുള്ള അവസാന തീയതി ജൂലൈ നാല്.

പുതിയ മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ വി. എസ്. സമ്പത്താണ് രാഷ്ട്രപതി തിരഞ്ഞെടുപ്പിന്റെ സമയക്രമം പ്രഖ്യാപിച്ചത്.

രാഷ്ട്രപതി പ്രതിഭാ പാട്ടീലിന്റെ ഔദ്യോഗിക കാലാവധി ജൂലൈ 24ന് പൂർത്തിയാകും. അടുത്ത ദിവസം തന്നെ പുതിയ രാഷ്ട്രപതിക്ക് ചുമതലയേൽക്കാൻ കഴിയുന്ന തരത്തിൽ തിരഞ്ഞെടുപ്പ് പ്രക്രിയ ജൂലൈ 22ന് തന്നെ പൂർത്തിയാകും. രാഷ്ട്രപതി സ്ഥാനാർഥിയായി നാമനിർദേശ പത്രിക നൽകണമെങ്കിൽ തിരഞ്ഞെടുപ്പിനുള്ള ഇലക്ടറൽ കോളജിലെ

9 –ാം പേജിൽ തുടരുന്നു

# മണിയെ സെക്രട്ടറി സ്ഥാനത്തുനിന്ന് നീക്കി

തിരുവനന്തപുരം: പാർട്ടിയെ പ്രതിസന്ധിയിലാക്കി തൊടുപുഴയിലെ മണക്കാട്, കൊലവിളി പ്രസംഗം നടത്തിയ എം.എം. മണിയെ സി.പി.എം ഇടുക്കി ജില്ലാ സെക്രട്ടറി സ്ഥാനത്തുനിന്ന് നീക്കി.

രാഷ്ട്രീയ ശത്രുക്കളെ പട്ടിക തയാറാക്കി ഇല്ലാതാക്കിയിട്ടുണ്ടെന്ന് വെളിപ്പെടുത്തിയ മണിയോട് വിശദീകരണം തേടാനും സി.പി.എം സംസ്ഥാന സെക്രട്ടേറിയറ്റ് യോഗം തീരുമാനിച്ചു.

# ടി.പി വധം പാർട്ടി പറഞ്ഞിട്ടെന്ന് രജീഷ്



വടകര: ടി.പി. ചന്ദ്രശേഖരൻ വധത്തിന്റെ മുഖ്യ സൂത്രധാരനെന്ന് കരുതുന്ന തലശേരി പാട്യം സ്വദേശി ടി.കെ. രജീഷിനെ പ്രത്യേകാന്വേഷണ സംഘം അറസ്റ്റു ചെയ്ത്, ജൂൺ 20 വരെ കസ്റ്റഡിയിൽ വിട്ടു. കൊലപാതകത്തിനുശേഷം മുംബൈയിൽ ഒളിവിൽ കഴിഞ്ഞിരുന്ന രജീഷിനെ കൊങ്കൺ മേഖലയിലെ രത്നഗിരിയിൽ നിന്നാണ് തലശേരി ഡിവൈ.എസ്.പി. എ.പി. ഷൗക്കത്തലിയുടെ നേതൃത്വത്തിലുള്ള സംഘം പിടികൂടിയത്. പാർട്ടി നിർദേശിച്ച പ്രകാരമായിരുന്നു, ടി.പി ചന്ദ്രശേഖരനെ വധിച്ചതെന്ന്, രജീഷ് പ്രത്യേക അന്വേഷണ സംഘത്തിന് മൊഴി നൽകിയതായാണ് റിപ്പോർട്ട്. ടി.പിയെ വധിക്കാൻ പണം വാങ്ങിയിട്ടില്ല. ഇതൊരു ക്വട്ടേഷനുമായിരുന്നില്ല. പാർട്ടി പറഞ്ഞിട്ടാണ് ഇത് ചെയ്തത്. മുൻപ്

9 –ാം പേജിൽ തുടരുന്നു